# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3137 18/10/2016-ൽ മറുപടിക്ക്

### ചിറക്കര കെ.എസ്.ഇ.ബി. ഓവർസീയർ ആഫീസ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ജി.എസ്.ജയലാൽ | | ശ്രീ. കടകം പള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) | ചാത്തന്നൂർ ഇലക്ട്രിക്കൽ ഡിവിഷന്റെ പരിധിയിൽപ്പെട്ട ചിറക്കര കെ.എസ്.ഇ.ബി ഓവർസീയർ ആഫീസ് സബ് എഞ്ചിനീയറുടെ ഓഫീസായി ഉയർത്താൻ ജനപ്രതിനിധി മുഖേന നിവേദനം നൽകിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചിറക്കര കെ. എസ്. ഇ. ബി ഓവർസിയർ ഓഫീസ് സബ് എഞ്ചിനിയർ ഓഫീസായി ഉയർത്തണമെന്ന ആവശ്യം ബോർഡ് പരിശോധിച്ചിരുന്നു. പുതിയ സബ് എഞ്ചിനിയർ ഓഫീസ് ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും ഇപ്പോൾ പുതിയ സബ് എഞ്ചിനിയർ ഓഫീസ് ആരംഭിക്കുന്നത് പ്രായോഗികമല്ല. എന്നാൽ ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള സംവിധാനങ്ങൾ ബോർഡ് നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | | |
| (സി) | വൈദ്യുതി ചാർജ്ജ് സ്വീകരിക്കുന്നതിനായി ബാങ്കുകളെയും ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളെയും അക്ഷയ സെന്ററുകളെയും ഉപയോഗപ്പെടുത്താൻ ആലോചിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (സി) | ബാങ്കുകളേയും, ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളെയും, അക്ഷയ സെന്ററുകളെയും വൈദ്യുതി ചാർജ്ജ് സ്വീകരിക്കുന്നതിനായി ഇപ്പോൾ ഉപയോഗപ്പെടുത്തുന്നുണ്ട്.<br>കെ.എസ്.ഇ.ബി.എൽ ന്റെ ഔദ്യോഗിക വെബ്സൈറ്റ് ആയ www.kseb.in മുഖേന 45 ഓളം പ്രമുഖ ബാങ്കുകൾ വഴി നെറ്റ് ബാങ്കിങ്ങിലൂടെയും, വിസാ/മാസ്റ്റർ കാർഡ് തുടങ്ങിയ ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ മുഖേനയും ഇന്റർനെറ്റ് വഴി ഓൺലൈനായി വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൌകര്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, സ്റ്റേറ്റ് ബാങ്ക് ഓഫ് |

| | | | |
|---|---|---|---|
| | . | | ട്രാവൻകൂർ, സൌത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, കാനറ ബാങ്ക്, ICICI ബാങ്ക് എന്നീ ബാങ്കുകൾ മുഖേന ഡയറക്ട് നെറ്റ് ബാങ്കിംഗ് സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. ബാങ്കുകൾക്ക് പുറമെ എല്ലാ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിലും അക്ഷയ സെന്ററുകളിലും വൈദ്യുതി ചാർജ്ജ് ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുമ്പോൾ, വീടുകളിലേക്ക് കൃത്യമായ വഴിയും മറ്റും ഇല്ലാത്ത വർക്ക് വൈദ്യുതി പോസ്റ്റ് സ്ഥാപിച്ച് അവർക്ക് വൈദ്യുതി വേഗത്തിൽ ലഭ്യമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | സമ്പൂർണ്ണവൈദ്യുതീകരണ പദ്ധതി പ്രകാരം വൈദ്യുതി കണക്ഷനായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നല്കുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട സെക്ഷൻ ഓഫീസിലെ ജീവനക്കാർ സ്ഥല പരിശോധന നടത്തുന്നുണ്ട്. സ്ഥല പരിശോധനയിൽ ഗുണഭോക്താവിന് വൈദ്യുതി കണക്ഷൻ നല്കുന്നതിന് മറ്റ് സ്വകാര്യ വസ്തുക്കളിൽ കൂടി വൈദ്യുതി ലൈൻ വലിക്കേണ്ടി വരുമെന്ന് ബോദ്ധ്യപ്പെടുകയും ഇതിന് ബന്ധപ്പെട്ട വസ്തു ഉടമ/ഉടമകൾ എതിർപ്പ് പ്രകടിപ്പിക്കുകയും ചെയ്യുന്ന സന്ദർഭങ്ങളിലും ഗുണഭോക്താവ് മറ്റ് വസ്തു ഉടമകളുടെ എതിർപ്പ് ഉണ്ടാകാൻ സാധ്യതയുണ്ട് എന്ന് അറിയിക്കുന്ന സാഹചര്യങ്ങളിലും ബന്ധപ്പെട്ട റവന്യൂ അധികാരികളുടെ തീർപ്പിന്മേൽ വൈദ്യുത കണക്ഷൻ നൽകുവാൻ നടപടി സ്വീകരിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ